പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5585 — 01/07/2019 ൽ മറുപടിക്ക്

**ഗുരുവായൂർ ദേവസ്വം വക വൃദ്ധസദനം ആരംഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ ക്ഷേത്രപരിസരങ്ങളിൽ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് ക്ഷേത്രത്തിൽ നിന്ന് ലഭിക്കുന്ന ആഹാരം കഴിച്ച് ക്ഷേത്രനടകളിൽ കിടന്നുറങ്ങുന്ന വൃദ്ധജനങ്ങളുടെ ദുരിതജീവിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഗുരുവായൂർ നഗരസഭ അവരെ അവിടെനിന്നും നീക്കം ചെയ്യുന്ന നിലവിലെ സ്ഥിതിക്ക് പകരമായി ഗുരുവായൂർ ദേവസ്വത്തിന്റെ മേൽനോട്ടത്തിൽ ഒരു വൃദ്ധസദനവും ആതുരാലയവും സ്ഥാപിച്ച് അവരെ സംരക്ഷിക്കുന്നതിന് ദേവസ്വത്തിന് എന്തെങ്കിലും പദ്ധതികളുണ്ടോ; | (ബി) & (സി) | ദർശനത്തിനു വരുന്ന സ്ത്രീകൾക്ക് നിലവിൽ 2 ദിവസം സൗജന്യമായി താമസ സൗകര്യം നൽകുന്നതിന് ഗുരുവായൂർ ദേവസ്വം സംവിധാനമേർപ്പെടുത്തിയിട്ടുണ്ട് .ഇത്തരത്തിലുള്ള നിരാലംബരായ വൃദ്ധ ജനങ്ങളുടെ സംരക്ഷണത്തിനായി ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് ഗുരുവായൂർ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ മേൽസൂചിപ്പിച്ച തരത്തിലുള്ള സ്ഥാപനങ്ങൾ അടിയന്തരമായി ആരംഭിക്കുവാൻ ഗുരുവായൂർ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ